ഖുത്ബ ●

യൂസുഫുബ്നു അബ്ദുൽ വഹാബ് അബൂഹസീന

# അക്രമങ്ങളിൽനിന്നും വിട്ടുനിൽക്കുക

**അക്രമം** നീതീകരണമില്ലാത്ത മഹാ അപരാധമാണ്. അല്ലാഹു നിരുപാധികം നിഷിദ്ധമാക്കിയ കൊടും തിന്മയുമാണത്. അതിക്രമകാരികളെ പരലോകത്ത് അവൻ പിടികൂടുകയും കഠിനമായ ശിക്ഷ നൽകുകയും ചെയ്യുമെന്ന് വിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും ഓർമപ്പെടുത്തുന്നുണ്ട്. അക്രമ പ്രവർത്തനങ്ങളിൽ ഏറെ ഗൗരവമേറിയ ഒന്നാണ് അല്ലാഹുവിന്റെ ഭവനങ്ങളിൽനിന്നും ജനത്തെ തടയുകയും അവരുടെ ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കുകയും ആരാധനാലയങ്ങൾ തകർക്കുകയും ചെയ്യൽ. ഖുർആൻ ചോദിക്കുന്നു: "അല്ലാഹുവിന്റെ ഭവനങ്ങളിൽ ദൈവസ്മരണക്കായെത്തുന്നവരെ തടയുകയും അതിനെ തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്നവനേക്കാൾ വലിയ അക്രമി ആരുണ്ട്? അവർക്ക് അതിൽ പ്രവേശിക്കാൻ അർഹതയില്ല. ഭയപ്പാടോടെ മാത്രമേ പ്രവേശിക്കാനാകൂ. ദുൻയാവിൽ അവർക്ക് ദുഃഖവും പരലോകത്ത് കഠിന ശിക്ഷയുമുണ്ട്" (*അൽബഖറ* 114). മസ്ജിദുൽ അഖ്സായിലേക്ക് നമസ്കരിക്കാനെത്തുന്ന വിശ്വാസികളെ തടയുന്ന അതിക്രമം ഇന്നിവിടെ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്.

അതിക്രമങ്ങളിൽ ഗൗരവമർഹിക്കുന്ന മറ്റൊന്നാണ് സത്യം മറച്ച് വെക്കൽ. ഖുർആൻ അതിങ്ങനെ വിശദീകരിക്കുന്നു: "അല്ലാഹുവിൽനിന്നും ലഭ്യമായ തന്റെ കൈവശമുള്ള സത്യം മറച്ച് വെക്കുന്നവനേക്കാൾ വലിയ അക്രമി ആരുണ്ട്? നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് അല്ലാഹു ഒട്ടും അശ്രദ്ധനല്ല തന്നെ" (*അൽബഖറ* 140). സത്യം മറച്ച് വെക്കൽ, കള്ള സാക്ഷ്യം, സത്യത്തിൽനിന്നും അസത്യത്തിലേക്കുള്ള മാറ്റം, അവകാശ ലംഘനം ഇങ്ങനെ സത്യവിരുദ്ധ പ്രവർത്തനങ്ങൾ എത്രയാണ് നടന്നുകൊണ്ടിരിക്കുന്നത്? അല്ലാഹു പറയുന്നു: "സത്യം ഒരിക്കലും മൂടിവെക്കാവതല്ല. ആരെങ്കിലും അത് മറച്ച് വെച്ചാൽ അവന്റെ ഹൃദയം പാപഗ്രസ്തമാകുന്നു" (*അൽബഖറ* 283).

ദൈവിക ശരീഅത്തിനെ ബോധപൂർവം അവഗണിക്കുകയും അല്ലാഹുവിന്റെ വിധിക്ക് വിരുദ്ധമായി നിലപാട് സ്വീകരിക്കുകയും ചെയ്യുന്നതും വലിയ അക്രമമാണ്. ഖുർആൻ പറയുന്നു: "അല്ലാഹു അവതരിപ്പിച്ച് നൽകിയത് കൊണ്ടല്ലാതെ വിധി നടത്തുന്നവർ അക്രമകാരികളാകുന്നു" (*അൽ മാഇദ* 45). ദൈവിക നീതി നടപ്പിൽ വരുംവിധം എല്ലാ മേഖലകളിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കാൻ നാം ബാധ്യസ്ഥരാണ്. അത് ഖുർആന്റെ പൊതുവായ ആഹ്വാനം കൂടിയാണ്.

അന്യരുടെ ഭൂമി കവർന്നെടുക്കലും വലിയ അതിക്രമമായിട്ടാണ് തിരുനബി പഠിപ്പിച്ചിട്ടുള്ളത്. പ്രവാചകൻ(സ) പറഞ്ഞു: 'ഒരാൾ അന്യരുടെ ഭൂമിയിൽനിന്നും ഒരു ചാൺ അന്യായമായി കവർന്നെടുത്താൽ അന്ത്യനാളിൽ അവന്റെ ചുമലിൽ ഏഴ് ഭൂമികളുടെ ഭാരം വഹിപ്പിക്കുന്നതാണ്.' മറ്റുള്ളവരുടെ ഭൂമി കവർന്നെടുക്കുന്ന രാഷ്ട്രങ്ങളും സംഘങ്ങളും വ്യക്തികളും ഇന്ന് എല്ലായിടത്തുമുണ്ട്.

അതിക്രമങ്ങൾ പൊറുപ്പിക്കാനാകാത്ത കൊടുംപാതകമാണ്. അതിനാൽ തന്നെ അതിൽനിന്നും വിട്ട് നിൽകാൻ നാം ബാധ്യസ്ഥരുമാണ്. അതിക്രമം കാണിക്കുന്നവർക്ക് നേരെ അല്ലാഹുവിന്റെ ശിക്ഷ ഏത് സമയത്തും പ്രതീക്ഷിക്കണമെന്ന് ഖുർആന് ഓർമപ്പെടുത്തുന്നുണ്ട്. "നിങ്ങളുടെ റബ്ബിങ്കൽനിന്നും അവതീർണമായതിനെ നിങ്ങൾ പിൻപറ്റുക. നിനച്ചിരിക്കാതെ വളരെ പെട്ടെന്ന് തന്നെ നിങ്ങളുടെ മേൽ ശിക്ഷ വന്നെത്തുന്നതിന് മുമ്പ്" (*അസ്സുമർ* 55). "അക്രമകാരികൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അല്ലാഹു അശ്രദ്ധനാണെന്ന് നിങ്ങൾ കരുതേണ്ടതില്ല" എന്നു അല്ലാഹു താക്കീത് നൽകുന്നുണ്ട്. (*ഇബ്റാഹീം* 42).

നാം ചെയ്യുന്ന സൽകർമങ്ങൾ പാഴായി പോകാനും ദൈവകോപത്തിന് വിധേയരാകാനും കാരണമാകുന്നതാണ് അക്രമം. അതിക്രമകാരികൾക്ക് ലഭിക്കുന്ന സാവകാശവും സൗകര്യങ്ങളും അവർക്ക് തന്നെ നാശകരമായി മാത്രമേ ഭവിക്കൂ. അല്ലാഹു പറയുന്നു: "നിന്റെ റബ്ബിന്റെ പിടുത്തം ഇപ്രകാരമാണ്. അക്രമകാരികളായ പ്രദേശവാസികളെ അവൻ പിടികൂടിയാൽ അത് അത്യധികം വേദനയേറിയ പിടുത്തം തന്നെയായിരിക്കും" (*ഹൂദ്* 102). പ്രവാചകൻ(സ) പറഞ്ഞു: "അല്ലാഹു അതിക്രമകാരികൾക്ക് സാവകാശം നൽകിയേക്കാം. പക്ഷെ അവൻ പിടിച്ച് കഴിഞ്ഞാൽ പിന്നെ അതിൽനിന്നും അവന് രക്ഷപ്പെടാനാകില്ല തന്നെ."

മസ്ജിദുൽ അഖ്സാക്കും മുസ്‌ലിം സമൂഹത്തിനും എതിരെയുള്ള ഇസ്രയേലിന്റെയും അമേരിക്കയുടെയും അതിക്രമങ്ങൾ വർധിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരം പ്രതിസന്ധി ഘട്ടങ്ങളെ തരണം ചെയ്യാനുള്ള ഉന്നതമായ സംസ്കരണ പ്രവർത്തനങ്ങളും സ്വഭാവ മൂല്യങ്ങളും നാം ആർജിച്ചെടുക്കണം. അല്ലാഹുവിനെ വിസ്മരിക്കാതിരിക്കുക. അത് നമ്മുടെ തകർച്ചയുടെ കാരണമാണ്. അല്ലാഹു ഉണർത്തുന്നു: "അവർ അല്ലാഹുവിനെ മറന്നിരിക്കുന്നു. അപ്പോൾ അവൻ അവരെയും വിസ്മരിച്ച് കളഞ്ഞു" (*അത്തൗബ* 67). മുസ്‌ലിം സമൂഹത്തിനെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളുടെ കാരണക്കാർ  നാം തന്നെ ആകാൻ പാടില്ല. പ്രവാചകൻ(സ) പറഞ്ഞു: 'ഭക്ഷണത്തളികയിലേക്ക് ആർത്തിയോടെ പാഞ്ഞടുക്കുന്നതുപോലെ നിങ്ങളുടെ അടുക്കൽ ശത്രുക്കൾ കടന്ന് വരും.' ഒരാൾ ചോദിച്ചു: 'തിരുദൂതരെ, ന്യൂനപക്ഷമായതാണോ അതിന്റെ കാരണം?' പ്രവാചകൻ പറഞ്ഞു: 'അല്ല, നിങ്ങൾ അന്ന് ധാരാളമുണ്ടാകും. പക്ഷേ കുളച്ചണ്ടികളെപ്പോലെയായിരിക്കും നിങ്ങൾ. ശത്രുക്കളുടെ ഹൃദയങ്ങളിൽ നിങ്ങളെകുറിച്ച് അവർക്കുള്ള ഭയം എടുത്തുകളയുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ദൗർബല്യം നിലനിർത്തുകയും ചെയ്യും അല്ലാഹു. ഒരാൾ ചോദിച്ചു: 'എന്താണീ ദൗർബല്യം.' പ്രവാചകൻ പറഞ്ഞു: 'ഭൗതിക സ്നേഹവും മരണഭയവുമാണത്.' ഇത്തരം ദൗർബല്യങ്ങളിൽനിന്നും മുക്തമായി നാം ബാധ്യതകൾ നിർവഹിച്ച് മുന്നേറുക. അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ – ആമീൻ

*(28/05/2010 ന് മസ്ജിദുൽ അഖ്സായിൽ നടത്തിയ ജുമുഅ ഖുത്ബയുടെ സംഗ്രഹം)* ■